**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. ആന്റണി രാജു: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ:

(i) 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്ലേസ്കൂൾ കിൻഡർഗാർട്ടൻ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നടപ്പാക്കുന്നതിന് ഒരു രജിസ്ട്രേഷൻ അതോറിറ്റിയുണ്ടാക്കണമെന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യമായി കാണിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പ്രീ-സ്കൂൾ സംവിധാനത്തിന്റെ ഭാഗമായി പൊതുവായി അങ്കണവാടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തിവരുന്ന നഴ്സറി സ്കൂളുകളും പ്ലേസ്കൂളുകളും കിൻഡർഗാർട്ടനുകളുമുണ്ട്. കുട്ടികളുടെ അവകാശങ്ങളുടെ അടിസ്ഥാനത്തി ലായിരിക്കണം ഇവയെല്ലാം പ്രവർത്തിക്കേണ്ടത്. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികളുടെയും നഴ്സറി സ്കൂളുകളുടെയും വിശദവിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ട്, അത് സർക്കാർ കൃത്യമായി മോണിറ്റർ ചെയ്തുവരുന്നുമുണ്ട്. കേന്ദ്ര സർക്കാരിന്റെ Palna പദ്ധതിപ്രകാരം പ്രവർത്തിക്കുന്ന എല്ലാ Standalone Creche-കളും 2024-25 വർഷത്തോടെ പ്രവർത്തനം നിർത്തുകയോ Anganwadi Cum Creche ആക്കി മാറ്റുകയോ ചെയ്യണമെന്ന് കേന്ദ്രസർക്കാർ

നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് Anganwadi Cum Creche പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാനുള്ള നടപടികൾ വനിതാ ശിശുവികസന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ നിയമാനുസൃതമായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന കിൻഡർഗാർട്ടനുകളെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട സംവിധാനങ്ങളിലും മോണിറ്ററിംഗ് നടക്കുന്നുണ്ട്. സ്ഥാപനങ്ങളുടെയും ഫാക്ടറിയുൾപ്പെടെയുള്ള തൊഴിൽശാലകളുടെയും ഓഫീസുകളുടെയും ഭാഗമായി പ്രവർത്തിക്കുന്ന ക്രെഷെകൾക്കും പ്ലേസ്കൂളുകൾക്കും അതുമായി ബന്ധപ്പെട്ട നിയമങ്ങൾ ബാധകമാണ്. ആ സ്ഥാപനങ്ങളുടെ ചുമതലക്കാർ ക്രെഷെകളുൾപ്പെടെയുള്ളവയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്ലേസ്കൂളുകളുടെയും കിൻഡർഗാർട്ടനുകളുടെയും രജിസ്ട്രേഷൻ നടത്തുന്നതിന് മാത്രമായി ഒരു അതോറിറ്റി രൂപീകരിക്കണമെന്ന് സർക്കാർ കരുതുന്നില്ല. അതേസമയം പ്രീ-സ്കൂൾ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കുട്ടികളുടെ അവകാശങ്ങൾ ഹനിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ബാലാവകാശ കമ്മീഷൻ ഉൾപ്പെടെയുള്ള

സംവിധാനങ്ങൾ നിലവിലുണ്ട്. സർക്കാർ സ്ഥാപനമായ **SCERT** ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളും കൈപുസ്തകങ്ങളും മറ്റും രൂപപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വകാര്യ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 86th Amendment of the Constitution of India-യിലെ Article 45-ൽ അവതരിപ്പിച്ചിരിക്കുന്നത് 'The State shall endeavour to provide early childhood care and education for all children until they complete the age of six years' എന്നാണ്. അതുപോലെ The Right of Children to free and Compulsory Education (RTE) Act 2009-ൽ പറഞ്ഞിട്ടുള്ളത് 'With a view to prepare children above the age of three years for elementary education and to provide early childhood care and education for all children until they complete the age of six years, the appropriate Government may make necessary arrangement for providing free pre-school education for such children' എന്നാണെന്ന് അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. ICDS (Integrated Child Development Services)-

ന്റെ കീഴിൽ Rajiv Gandhi National Creche scheme for Working Women with Children നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ നമ്മുടെ നാട്ടിൽ ധാരാളം പ്രീസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കും സഭയിലെ മറ്റ് അംഗങ്ങൾക്കും അറിയാവുന്നതാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്നതും അല്ലാത്തതുമായ പ്രീസ്കൂളുകളുണ്ട്. എന്നാൽ നിലവിലുള്ള സംവിധാനത്തിൽ പ്ലേസ്കൂളുകൾക്ക് ഒന്നുംതന്നെ രജിസ്ട്രേഷൻ ചെയ്യാൻ കഴിയില്ല. കാരണം, പഞ്ചായത്തിലോ/മുനിസിപ്പാലിറ്റിയിലോ/ കോർപ്പറേഷനിലോ ഒന്നുതന്നെ പ്ലേസ്കൂളുകൾ രജിസ്ട്രേഷൻ ചെയ്യാനുള്ള അതോറിറ്റിയില്ല. വലിയ കുട്ടികളുടെ ട്യൂഷൻ സെന്റർ വേണമെങ്കിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാം. കൊച്ചുകുട്ടികളുടെ പ്ലേസ്കൂളുകൾ രജിസ്ട്രേഷൻവച്ച് നിയമം അനുശാസിക്കുന്ന രീതിയിൽ നല്ല നിലയിൽ പ്രവർത്തിപ്പിക്കണമെന്ന് ആഗ്രഹമുള്ളവരുണ്ടായിരിക്കും. ഐ.സി.ഡി.എസ്.-ന്റെ കീഴിലാണ് അങ്കണവാടികൾ പ്രവർത്തിക്കുന്നത്. എന്നാൽ ഏത് അഫിലിയേഷനിലാണ് പ്ലേസ്കൂൾ വർക്ക് ചെയ്യുന്നത്? അവർക്ക് അഫിലിയേഷന് ഒരു സംവിധാനവുമില്ല. കരിക്കുലത്തിന്റെ കാര്യത്തിൽപോലും

യഥാർത്ഥത്തിൽ യൂണിഫോമിറ്റിയില്ല. ഓരോ പ്ലേസ്കൂളും വ്യത്യസ്തമായ പഠന രീതികളാണ് പിന്തുടരുന്നത്. അവിടെ ഉണ്ടാകേണ്ട സൗകര്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും വകുപ്പിന് ഇന്നത് ചെയ്യണമെന്ന് അവരോട് പറയാൻ കഴിയുമോ? കഴിയില്ല. കാരണം, അങ്ങനെ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഒരു സംവിധാനവും നമ്മൾ നിയമപരമായി അംഗീകരിച്ച് നടപ്പിലാക്കിയിട്ടില്ല. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷന്റെ കരിക്കുലത്തിൽ യൂണിഫോമിറ്റിയില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ചപ്രകാരം ഏതെങ്കിലും തരത്തിലുള്ള വയലേഷനുണ്ടാകുന്ന സമയത്ത് ബാലാവകാശ കമ്മീഷൻ ഇടപെടും. ഇത്രയധികം പ്ലേസ്കൂളുകൾ പ്രവർത്തിക്കുമ്പോൾ അതിനെയൊന്നാകെ നിയന്ത്രിക്കുന്ന ഒരു സംവിധാനത്തിന്റെ ആവശ്യകത വളരെ പ്രധാനപ്പെട്ടതാണ്. യഥാർത്ഥത്തിൽ ശരിയായ തുടക്കം എന്നത് വളരെ പ്രധാനമാണ്. ഹയർ എഡ്യൂക്കേഷനിലാണെങ്കിൽ ധാരാളം പണം ഇൻവെസ്റ്റ് ചെയ്യും. അത് വേണ്ടെന്നല്ല ഞാൻ സൂചിപ്പിച്ചത്, പക്ഷെ ഒരു കുട്ടിയുടെ വ്യക്തിത്വവും സ്വഭാവും രൂപീകരിക്കപ്പെടുന്നത് മൂന്ന് വയസ്സിനും ആറ് വയസ്സിനുമിടയിലാണ്. അവർക്ക് ബ്രെയിൻ ഡെവലപ്പ്മെന്റ് ആരംഭിക്കുന്ന സമയമാണത്. ആ പ്രായത്തിൽ

കിട്ടുന്ന വിദ്യാഭ്യാസം ശരിയാണെങ്കിൽ/മികച്ചതാണെങ്കിൽ/ സയന്റിഫിക്കാണെങ്കിൽ അത് ആ കുട്ടിയുടെ ജീവിതകാലത്തെ മുഴുവൻ വ്യക്തിത്വത്തെയും സ്വാധീനിക്കുന്നതാണ്. നമ്മൾ യഥാർത്ഥത്തിൽ പ്ലേസ്കൂൾ സംവിധാനത്തിലേക്ക് എത്രമേൽ ഇൻവെസ്റ്റ് ചെയ്യുന്നുണ്ടെന്നുള്ളത് പരിശോധിക്കപ്പെടണം. കാരണം മൂന്ന് വയസ്സും ആറ് വയസ്സും ഒരു ക്രൂഷ്യൽ പിരീഡാണ്. അങ്കണവാടി ജീവനക്കാർക്കുവേണ്ടിയുള്ള പ്രശ്നങ്ങൾ നമ്മൾ ഇവിടെ നിരന്തരമായി ഉന്നയിക്കുകയാണ്. നമ്മുടെ അങ്കണവാടിയിലെ ഇൻവസ്റ്റ്മെന്റ് എത്രയാണ്? ഇപ്പോൾ സ്കൂളുകളോട് ചേർന്ന് പ്രീപ്രൈമറി സ്ഥാപനങ്ങളുണ്ട്. അവിടെത്തെ അധ്യാപകരുടെ അവസ്ഥ എം.എൽ.എ.-മാരെല്ലാം പലഘട്ടങ്ങളിലും സൂചിപ്പിക്കാറുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ആദ്യമായി അങ്ങയെ ഇക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. കാരണം വളരെ പ്രസക്തമായ വിഷയമാണ് അങ്ങ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. ചെറിയ പ്രായത്തിലാണ് ക്യാരക്റ്റർ ഫോർമേഷന്റെയും പേഴ്സണാലിറ്റി ഓപ്പണിംഗിന്റെയുമൊക്കെ സമയം തുടങ്ങുന്നത്. എന്റെ

നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ പരിശോധിക്കുകയാണെങ്കിൽ അവിടെയെല്ലാം സ്ഥലപരിമിതിയുണ്ട്. ഇതുസംബന്ധിച്ച് ഒരു കാര്യം പഠിക്കാൻ ഞാൻ ശ്രമിച്ചിരുന്നു. ഓസ്ട്രേലിയൻ ഗവൺമെന്റ് പ്ലേസ്കൂളുകൾ ഏറ്റവും സ്ട്രിക്റ്റായാണ് റെഗുലേറ്റ് ചെയ്യുന്നത്. ഹയർ എഡ്യൂക്കേഷനിലൊക്കെ റിലാക്സ്ഡ്ഡായിട്ടും ലിബറലൈസ്ഡായിട്ടുമുള്ള വിദ്യാഭ്യാസമാണ് അവിടെ കിട്ടുന്നത്. ഞാൻ മനസ്സിലാക്കിയിടത്തോളം ഒന്നര ഏക്കറോളം സ്ഥലമില്ലാതെ അവിടെ ഒരു പ്ലേസ്കൂൾ പ്രവർത്തിപ്പിക്കാൻ സാധിക്കില്ല. പ്ലേസ്കൂളുകളിൽ മിനിമം ഫെസിലിറ്റി ഉണ്ടായിരിക്കണമെന്നുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ അങ്കണവാടികളിൽ കുട്ടികൾക്ക് കിടക്കാനുള്ള ബെഡ്, കളിപ്പാട്ടങ്ങൾ എന്നിങ്ങനെയുള്ള വസ്തുക്കളൊന്നുമില്ല. പലപ്പോഴും നമ്മൾ സപ്ലൈ ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകാറുണ്ട്. അതുകൊണ്ട് അങ്കണവാടികൾക്ക് മിനിമം റിക്വയർമെന്റ്സും സ്റ്റാൻഡേർഡും വേണമെന്നുള്ളകാര്യം ഇതുവരെ പരിഗണിച്ചിട്ടില്ലെന്നുള്ള ഗൗരവതരമായ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി കെ. കെ. രമ</u>: സർ, നമ്മുടെ സംസ്ഥാനത്ത് ധാരാളം പ്രീസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒരു ഏകീകൃത സിലബസും രജിസ്ട്രേഷനും ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇടുക്കിയിലും അട്ടപ്പാടിയിലുമൊക്കെ തോട്ടംതൊഴിലാളികളുടെ മക്കൾ പോകുന്ന ഇത്തരം സ്ഥാപനങ്ങളെ 'പിള്ളപ്പുരകൾ' എന്നാണ് പറയുന്നത്. മിനിമം ഏഴ് കുട്ടികളുണ്ടെങ്കിൽ മാത്രമെ അത് രജിസ്ട്രേഷനായി വരികയുള്ളൂ. തോട്ടംമേഖലയിലെ തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണം ഇത്തരം പ്ലേസ്കൂളുകളുടെ പരിധിയിൽ കൊണ്ടുവരുന്നതും അവർക്ക് രജിസ്ട്രേഷൻ സംവിധാനം ചെയ്യുന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പ്രധാനപ്പെട്ടതല്ലേ? ഇതുകൂടി പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ.-യും ശ്രീമതി കെ. കെ. രമ എം.എൽ.എ.-യും ഈ ബില്ലിനെ സംബന്ധിച്ച് വളരെ കൃത്യമായ രണ്ട് നിർദ്ദേശങ്ങളാണ് സൂചിപ്പിച്ചത്. വീടുകളുടെ കാർ ഷെഡിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾപോലും ഉണ്ടായിരുന്നുവെന്നുള്ളത് എം.എൽ.എ.-മാർക്കെല്ലാം അറിയാവുന്ന കാര്യമാണ്. എം.എൽ.എ.-മാരും

തൊട്ടടുത്തുള്ളവരും ഇത്തരം കാര്യങ്ങളിൽ സ്ഥലം കിട്ടുകയാണെങ്കിൽ എം.എൽ.എ. ഫണ്ട് കൊടുത്ത് കെട്ടിടങ്ങളൊക്കെ നിർമ്മിച്ചുകൊടുക്കാൻ താൽപ്പര്യപ്പെടുന്നുണ്ട്. പലപ്പോഴും എം.എൽ.എ. ഫണ്ടുപയോഗിച്ച് വസ്തു വാങ്ങാൻ സാധിക്കാതെ വരുന്ന പ്രശ്നങ്ങൾ നമ്മൾ നേരിടുന്നുണ്ട്. മൂന്ന് വയസ്സിനും ആറ് വയസ്സിനും ഇടയിലുള്ള കുട്ടികളുടെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് നമ്മുടെ ഇൻവസ്റ്റ്മെന്റ് വർധിപ്പിക്കേണ്ടതുണ്ട് എന്നതാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്തേത് ഈ പിള്ളപ്പുരകൾപോലെയുള്ള അങ്ങേയറ്റം സാമൂഹികമായി ദുർബലാവസ്ഥയിൽ കഴിയുന്ന തോട്ടംതൊഴിലാളികളടക്കമുള്ളവരുടെ കുട്ടികളുടെ കാര്യത്തിൽ മിനിമം 7 കുട്ടികൾ വേണമെന്നുള്ള നിബന്ധന ഒഴിവാക്കപ്പെടേണ്ടതാണ്. അവിടെയെല്ലാം ഇത്തരത്തിലുള്ള അംഗീകാരം കൊടുത്ത് അവരെ മുന്നോട്ടുകൊണ്ടുവരേണ്ടതാണ്.

ചെയർപേഴ്സൺ: പ്ലീസ് ..... തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം.

ചെയർപേഴ്സൺ: യെസ്....യെസ്.... ഇനി വഴങ്ങേണ്ടതില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, തുടർ ചർച്ചയുള്ളതുകൊണ്ട് ചെയർ വഴങ്ങാൻ അനുവദിക്കുന്നില്ല. പ്ലേസ്കൂളുകളിലെ അധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ച് എവിടെയെങ്കിലും ആരെങ്കിലും പറയുന്നുണ്ടോ? ഇല്ല. അതുപോലെ കുട്ടികളുടെയും അധ്യാപകരുടെയും റേഷ്യോ അതായത് 20 കുട്ടികൾക്ക് ഒരു അധ്യാപകനാണോ; അല്ലെങ്കിൽ 15 കുട്ടികൾക്ക് ഒരു അധ്യാപകനാണോ എന്നുള്ളതും തീരുമാനിക്കപ്പെടുന്നില്ല. അക്സസ്സ് ടു എഡ്യൂക്കേഷൻ ഇതിനകത്ത് ഒരു പ്രശ്നമല്ല. അങ്കണവാടികളുണ്ട്, പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനുകളുണ്ട്. ഇക്കാര്യത്തിൽ അക്സസ്സ് ടു എഡ്യൂക്കേഷനല്ല ക്വാളിറ്റി ഓഫ് എഡ്യൂക്കേഷനാണ് പ്രശ്നം. ഇതിനൊരു രജിസ്ട്രേഷൻ അതോറിറ്റി സംസ്ഥാനത്ത് വേണമെന്നുള്ളതുകൊണ്ടാണ് ബിൽ കൊണ്ടുവന്നത്. **ചർച്ച തുടരുന്നതായിരിക്കും.**

ചെയർപേഴ്സൺ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ii) 2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബിൽ

ശ്രീ. ജി. എസ്. ജയലാൽ: സർ, 2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ആദരണീയനായ ജി. എസ്. ജയലാൽ എം.എൽ.എ. അവതരിപ്പിച്ച ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനപ്രകാരം കൺകറന്റ് ലിസ്റ്റിലുൾപ്പെട്ടതും പാർലമെന്റ് മുമ്പ് പാസാക്കിയ 1960-ലെ ദി പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു അനിമൽസ് എന്ന കേന്ദ്ര നിയമത്തിലെ ചില വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. 1960-ലാണ് ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധമാക്കുന്നതരത്തിൽ കേന്ദ്രം പാസ്സാക്കിയത്. ഇതിന്റെയടിസ്ഥാനത്തിൽ മൃഗങ്ങളോട് മോശമായി പെരുമാറുന്നതായി കണക്കാക്കി രാജ്യത്ത് നിരവധി ആഘോഷങ്ങളും ആചാരങ്ങളുമെല്ലാം നിരോധിക്കുന്നതിലേക്ക് എത്തുകയുണ്ടായി. മൃഗങ്ങളുമായി

ബന്ധപ്പെട്ട കായിക വിനോദങ്ങളും മേൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്ത് നിരോധിക്കുകയുണ്ടായി. അതിലൊന്നായിരുന്ന തമിഴ്നാട്ടിലെ ജെല്ലിക്കെട്ട് എന്ന പ്രസിദ്ധമായ ഒരു ആചാരം അല്ലെങ്കിൽ കായിക വിനോദം. അത് 2014-ൽ നിരോധിക്കുന്ന തരത്തിലേക്ക് എത്തി. തമിഴ്നാട് സർക്കാർ ജെല്ലിക്കെട്ട് പോലുള്ള ആഘോഷങ്ങൾ നിയന്ത്രിക്കുന്നതിനായി 2009-ൽ തമിഴ്നാട് റെഗുലേഷൻ ഓഫ് ജെല്ലിക്കെട്ട് ആക്ട് കൊണ്ടുവന്നു. എന്നാൽ അത് നേരത്തെ പറഞ്ഞ The Prevention of Cruilty to Animals Act, 1960 എന്ന നിയമത്തിന് വിരുദ്ധമാണെന്നുകണ്ടതിനാൽ സുപ്രീംകോടതി 2014-ൽ അത് അസാധുവായി പ്രഖ്യാപിച്ചു. വിഖ്യാതമായ Animal Welfare Board of India vs A. Nagaraja & Others എന്ന കേസ് അതുമായി ബന്ധപ്പെട്ടതാണ്. ആ കേസിന്റെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതി അത്തരമൊരു വിധി പറയുന്നതിലേക്ക് എത്തിയത്. ജെല്ലിക്കെട്ട് നടപ്പിലാക്കുന്നതിനുവേണ്ടി തമിഴ്നാട് സർക്കാർ കേന്ദ്രനിയമത്തിൽ ഭേദഗതികൾ കൊണ്ടുവന്നു. സംസ്ഥാനങ്ങൾക്ക് അങ്ങനെ നിയമം കൊണ്ടുവരാം. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതാണെങ്കിൽ

സംസ്ഥാനത്തിനുതന്നെ ഭേദഗതികൾ കൊണ്ടുവരാം. പക്ഷെ അതിന് ഭരണഘടനയുടെ 254-ാം അനുച്ഛേദം അനുസരിച്ച് രാഷ്ട്രപതിയുടെ അംഗീകാരം അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് സർക്കാർ 1960-ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് എന്ന ആക്റ്റിന് ഭേദഗതി കൊണ്ടുവരികയുണ്ടായി. 2017-ൽ ബിൽ പാസ്സാക്കി ഭരണഘടനയുടെ 254-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ പരിഗണയ്ക്കായി സമർപ്പിച്ച് അനുവാദം വാങ്ങി അതും സുപ്രീംകോടതിയുടെ മുമ്പിൽ കേസായി വന്നു. സുപ്രീംകോടതിയുടെ അഞ്ചംഗ ബഞ്ച് ആ നിയമത്തിന്റെ സാധുത ശരിവയ്ക്കുകയും നിയമം അംഗീകരിക്കുകയും ചെയ്തു. പ്രസിഡന്റിന്റെ അനുമതി ലഭിച്ചതിനെത്തുടർന്ന് കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന കേന്ദ്ര നിയമത്തിനും സംസ്ഥാനം പാസ്സാക്കിയ നിയമഭേദഗതിക്കും അംഗീകാരമാകും. അപ്പോൾ ആ ഭേദഗതി സംസ്ഥാനത്ത് നടപ്പിലാക്കുകയെന്നുള്ളതാണ്. ഇതിന്റെയടിസ്ഥാനത്തിൽ മഹാരാഷ്ട്ര, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള നിയമം വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ച ബിൽ നിയമമാക്കുന്നതിനുള്ള പ്രധാന തടസ്സം

സംസ്ഥാനത്ത് കേന്ദ്രനിയമത്തിന് ഒരു ഭേദഗതിയുണ്ടാക്കിയിട്ടില്ലായെന്നുള്ളതാണ്. അപ്രകാരം ചെയ്യാൻ നിലവിൽ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടില്ല. അത് സർക്കാരിന്റെ പരിഗണനയിലില്ലാത്ത വിഷയമായതുകൊണ്ട് ഈ ബിൽ പരിഗണിക്കേണ്ടതില്ലെന്ന് അറിയിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഒരു ജനതയുടെ സംസ്കാരത്തിന്റെ പ്രതീകമാണ് ചെളിക്കണ്ടത്തിലെ കാളക്കൂറ്റന്മാരുടെ വീറും മരമടി മത്സരവും. വെള്ളം നിറഞ്ഞ ചേറ്റിലൂടെ ശരവേഗത്തിൽ പായുന്ന കാളക്കൂറ്റന്മാരും അവയെ നിയന്ത്രിക്കുന്നവരുടെ ആവേശവും കാണേണ്ട കാഴ്ചയാണ്. അത് നാടിന്റെ സംസ്കാരത്തിന്റെ ഭാഗമായിട്ടുള്ള കാഴ്ചയാണ്. മനുഷ്യനും ഉരുക്കളും മണ്ണും ചേറും എന്നും ഒന്നാണെന്നതിന്റെ തെളിവാണ് മരമടി മത്സരം. മനുഷ്യരുടെ ഭാഷ കാളകൾക്കും കാളകളുടെ ഭാഷ മനുഷ്യർക്കും മനസ്സിലാകുന്ന ഒരു സുന്ദര നിമിഷമാണ് മരമടി മത്സരം. കൃഷിയുടെ ആവേശം കെട്ടടങ്ങരുതെന്ന സന്ദേശമാണ് മരമടി മത്സരത്തിലൂടെ കർഷകർ മുന്നോട്ടുവയ്ക്കുന്നത്. കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബില്ലിലെ

വ്യവസ്ഥകൾ അങ്ങ് സൂചിപ്പിച്ചതുപോലെ ഭാരതത്തിന്റെ ഭരണഘടനയിലെ ഏഴാം പട്ടികയിലെ സംസ്ഥാന ലിസ്റ്റിലെ പതിനഞ്ചാം ലിസ്റ്റിലെ (3), സമാവർത്തി പട്ടികയിലെ 17 എന്നീ വകുപ്പുകളിൽപ്പെട്ടതാണ്. തമിഴ്നാട് സർക്കാർ 2009-ൽ ജെല്ലിക്കെട്ട് നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന 2009-ലെ തമിഴ്നാട് റെഗുലേഷൻ ഓഫ് ജെല്ലിക്കെട്ട് ആക്റ്റ് ബഹുമാനപ്പെട്ട സുപ്രീംകോടതി ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യ Vs. എ. നാഗരാജ ആൻഡ് അദേഴ്സ്, സിവിൽ അപ്പീൽ നം.5387/2014 എന്ന കേസ് പരിശോധിക്കുകയും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ 1960-ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽ ആക്റ്റ് (1960-ലെ 59-ാം നമ്പർ കേന്ദ്ര ആക്റ്റ്)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ പ്രസ്തുത നിയമത്തെ അസാധുവാക്കി പ്രഖ്യാപിക്കുകയും ചെയ്തു. ഇതാണ് നിലവിലുള്ള സാഹചര്യം. എന്നാൽ ഈ ബിൽ അവതരിപ്പിക്കാനുള്ള സാഹചര്യമെന്നുപറയുന്നത് 1960-ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽ ആക്റ്റിന് തമിഴ്നാട് സർക്കാർ കൊണ്ടുവന്ന ഭേദഗതി ദ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽ ആക്റ്റ്, 2017 എന്നാണ്. അതിന്റെ

സാധുത വീണ്ടും സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും അഞ്ചംഗ ബെഞ്ച് പരിശോധിക്കുകയും 18-05-2023-ൽ സുപ്രീംകോടതി ടി നിയമത്തിന്റെ സാധുത ശരിവയ്ക്കുകയും ചെയ്തു. ആ വിധി മറ്റ് സംസ്ഥാനങ്ങൾക്ക് ബാധകമാണെന്നുള്ളതുകൊണ്ട് തമിഴ്നാട് നടപ്പിലാക്കിയ അതുപോലുള്ള ഒരു കേന്ദ്ര ആക്റ്റിലെ ഭേദഗതി, രാഷ്ട്രപതിയുടെ അംഗീകാരത്തോടുള്ള ഭേദഗതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയാൽ മാത്രമേ നമുക്ക് കാർഷിക സംസ്കാരത്തിന്റെ ഭാഗമായി പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്ന മണ്ണും മനുഷ്യനും മൃഗങ്ങളും പ്രകൃതിയും എല്ലാം ചേർന്നുള്ള വൈകാരികമായ മനുഷ്യന്റെ സംസ്കാരം, അത് പുതിയ തലമുറയ്ക്ക് പകരാൻ കഴിയുന്ന തരത്തിൽ നിലനിർത്താൻ കഴിയുകയുള്ളൂ. മരമടിയെന്നുപറയുന്നത് നമ്മുടെ നാട്ടിൽ വൈകാരികമായി തന്നെ കർഷകർ ഏറ്റെടുക്കുന്ന ഒന്നാണ്. അതുസംബന്ധിച്ച് ഒരു ബിൽ നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരം നേടണമെന്നുള്ളതാണ് ഞാൻ മുന്നോട്ടുവയ്ക്കുന്ന ആവശ്യം. ഇവിടെ ചർച്ച ചെയ്യപ്പെട്ട കാര്യം, മൃഗ പീഡനമാണ് ഇവിടെ നടക്കുന്നതെന്ന വാദമാണ്. കർഷകർ അത് നിഷേധിക്കുകയാണ്. അറവുശാലയിലേക്ക് കൊണ്ടുപോകുന്ന

ഉരുക്കളെപ്പോലും മരമടിക്കുവേണ്ടി ഉൾപ്പെടുത്തുന്ന രീതിയിലേക്ക് മൃഗസ്നേഹികൾ എന്നരീതിയിലും മൃഗങ്ങളെ സംരക്ഷിക്കുന്ന ഒരു സംസ്കാരത്തിലേക്കുമാണ് മരമടി മഹോത്സവത്തിന്റെ തയ്യാറെടുപ്പുകൾ എത്തിച്ചേരുന്നത്. മൃഗങ്ങളെ പ്രത്യേകം പരിപാലിച്ചാണ് മത്സരത്തിന് ഒരുക്കുന്നത്. മെയ് അഴകും മെയ് വഴക്കവും വർദ്ധിപ്പിക്കാനുള്ള ചികിത്സയാണ് ആദ്യം നൽകുന്നത്. കരിക്കോഴിസത്ത്, അങ്ങാടി മരുന്നായ അരിയാര ജീരകം മൂന്ന് ദിവസത്തോളം പച്ചപ്പുല്ല് ഒഴിവാക്കി വെള്ളം പരിമിതമായി കൊടുത്ത് സംരക്ഷിക്കുന്നു. രാവിലെയും വൈകിട്ടും ഓരോ ഉരുവിനും ഓരോ ലിറ്റർ പാൽ കൊടുക്കുന്നു. ഇതാണോ മൃഗപീഡനമെന്ന് വ്യാഖ്യാനിക്കുന്നത്? ആരോഗ്യസംരക്ഷണത്തിനും ഊർജ്ജത്തിനും അങ്ങാടി മരുന്ന്, പാൽ, മുതിര, മുട്ട, അരിക്കഞ്ഞി, കരിക്ക്, ബാർലി, കടല, പരുത്തിപ്പിണ്ണാക്ക് തുടങ്ങിയ സാധനങ്ങൾ നൽകി ഉരുക്കളെ ഉരുക്കിയെടുക്കുന്ന സംസ്കാരമാണ് നമ്മുടെ നാട്ടിലുള്ളത്. ഇതിനെയാണോ മൃഗപീഡനമെന്ന് പറയുന്നത്? ഉരുക്കൾക്ക് ശരീരവേദന ഉണ്ടാകാതിരിക്കാൻ ഉലുവ വേവിച്ച് കരിപ്പെട്ടിയിൽ കലർത്തി നൽകും. മൃഗങ്ങളോട് മനുഷ്യനുള്ള സ്നേഹത്തിന്റെ ഭാഗമായാണ് ഇതൊക്കെ

നാട്ടിൽ നടന്നുവന്നത്. സുഖചികിത്സയുടെ ഭാഗമായി ശരീരശുദ്ധി വരുത്താൻ രാവിലെയും വൈകിട്ടും ആദ്യം കച്ചിലും രണ്ടാമത് സോപ്പും ഉപയോഗിച്ച് കുളിപ്പിക്കും. അങ്ങനെ രണ്ടുനേരമാണ് കുളിപ്പിക്കുന്നത്. ക്ഷീണം മാറാനും സന്ധികൾക്ക് ഏതെങ്കിലും തരത്തിൽ വേദനയുണ്ടെങ്കിൽ അത് മാറാനും തുണി ചൂടുവെള്ളത്തിൽ മുക്കി ദേഹത്ത് ഒപ്പുകയാണ് ചെയ്യുന്നത്. മത്സരത്തിന്റെ തലേദിവസം ക്ഷീണം ഉണ്ടാകാതിരിക്കാൻ ദശമൂലാരിഷ്ടവും നൽകും. ഇങ്ങനെയെല്ലാമാണ് ഉരുക്കളെ മനുഷ്യൻ സ്നേഹിക്കുന്നത്. ഈ തരത്തിലാണ് ഉരുക്കളെ മരമടിക്കായി തയ്യാറാക്കുന്നത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, അങ്ങ് വളരെ വൈകാരികമായാണ് വിഷയം അവതരിപ്പിച്ചത്. അങ്ങ്ങയിൽ ഒരു പഴയകാല മരമടി വിദഗ്ദ്ധനെയാണ് നമുക്ക് കാണാൻ കഴിഞ്ഞത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, അങ്ങയുടെ കമന്റിനെ ഞാൻ ആസ്വദിക്കുകയാണ്. എന്റെ നാട്ടിൽ മരമടി നന്നായി നടക്കാറുണ്ടായിരുന്നു. മരമടിയുമായി ബന്ധപ്പെട്ട് അറിയപ്പെടുന്നൊരു കുടുംബമായിരുന്നു എന്റേത്. ഇതിലെ പ്രശ്നമെന്ന് പറയുന്നത് ഇപ്പോൾ നിയമവിരുദ്ധമായി മരമടി

നടത്താനുള്ള വലിയ ശ്രമം നാട്ടിൽ നടക്കുന്നുവെന്നുള്ളതാണ്. ഇതൊരു പ്രദേശികമായ പ്രശ്നമായി മാറുന്നു. നിയമമില്ലാതെ മരമടി നടത്താനുള്ള രീതിയിലേക്ക് പോകുമ്പോൾ അത് നാട്ടിലെ നിയമവ്യവസ്ഥയെ ചോദ്യം ചെയ്യുന്ന രീതിയിലേക്ക് പോകും. അതുകൊണ്ട് ഈ സംസ്കാരം നിലനിർത്താൻ ഒരു നിയമം നമ്മുടെ നാട്ടിൽ അനിവാര്യമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ നിയമമുണ്ട്. അതിന് ഗവൺമെന്റ് ഭേദഗതി കൊണ്ടുവന്നിട്ടുമുണ്ട്. അതുകൊണ്ട് സംസ്ഥാന സർക്കാരും അത്തരത്തിൽ നീക്കം നടത്തണമെന്നാണ് അഭ്യർഥിക്കുന്നത്.

ചെയർപേഴ്സൺ: ശ്രീ. ജി. എസ്. ജയലാൽ, ബിൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങളിലൊന്നാണ് ടൂറിസം. ഗ്രാമീണ ടൂറിസത്തിന്റെ ഭാഗമായി നമുക്ക് മരമടി മഹോത്സവത്തെ മാറ്റിയെടുക്കാൻ കഴിയും. ടൂറിസം, സംസ്കാരികം വകുപ്പുകൾ മുൻകൈയെടുത്താൽ ഇത് നാടിന്റെ സംസ്കാരത്തിന്റെ ഭാഗമാക്കാൻ

കഴിയും. ആ തരത്തിൽ മരമടി മഹോത്സവത്തെ തിരികെ കൊണ്ടുവരാനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ചെയർപേഴ്സൺ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(iii) 2022-ലെ കേരളത്തിലെ ഭക്ഷണശാലകൾ വില നിയന്ത്രണവും ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ബിൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2022-ലെ കേരളത്തിലെ ഭക്ഷണശാലകൾ വില നിയന്ത്രണവും ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിലെ ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് എകീകൃത വില സംവിധാനം ഏർപ്പെടുത്തുക, വൃത്തിഹീനമായ സാഹചര്യങ്ങളിൽ ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്യുന്നതിനാലുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തടയുക, ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക എന്നീ കാര്യങ്ങൾ വ്യവസ്ഥ

ചെയ്യുന്നതിനുള്ള അനൗദ്യോഗിക ബില്ലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചത്. ബില്ലിൽ ഖണ്ഡം (3)-ൽ പരാമർശിക്കുന്ന വിഷയം ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ടുള്ളതാണ്. ബില്ലിലെ നാല് മുതൽ ഒൻപത് വരെയുള്ള ഖണ്ഡങ്ങളിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ടതും രാജ്യത്ത് നിലവിൽ പ്രാബല്യത്തിലുള്ള ദി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്റ്റ് 2006, റൂൾസ് ആൻഡ് റെഗുലേഷൻസ് 2011 എന്നിവപ്രകാരം നിലവിൽ എൻഫോഴ്സ് ചെയ്യപ്പെടുന്നതുമാണെന്ന് മനസ്സിലാക്കുന്നു. ഈ ബില്ലിൽ ഖണ്ഡം (3) ഉപഖണ്ഡം (3)-ൽ പ്രതിപാദിക്കുന്ന വിഷയത്തിന് മേൽനടപടി സ്വീകരിക്കാൻ നിലവിൽ ഭക്ഷ്യ വകുപ്പിന് അധികാരമുണ്ട്. അതുപ്രകാരം ഭക്ഷണശാലകളിൽ വില വിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും അനുവദനീയമായ വിൽപ്പന വിലയിൽ കൂടുതൽ ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സിവിൽ സപ്ലൈസ് വകുപ്പിന് സംവിധാനമുണ്ട്. ഇതിനായി പുറപ്പെടുവിച്ച 'Kerala Food Stuffs (Display of Prices by Catering Establishments) Order 1977' സംസ്ഥാനത്ത് നിലവിലുണ്ട്. പ്രസ്തുത ഓർഡർ പ്രകാരം സിവിൽ സപ്ലൈസ്

ഉദ്യോഗസ്ഥർക്ക് എൻഫോഴ്സ്മെന്റ് ഓഫീസർ ചുമതല നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ബില്ലിൽ ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് പരാമർശിക്കുന്ന വിഷയങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ വ്യവസ്ഥ ചെയ്തുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുന്നകാര്യം ഭക്ഷ്യവകുപ്പ് ഗൗരവമായി ആലോചിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം സഭയിൽ അവതരിപ്പിച്ച അനൗദ്യോഗിക ബില്ലിന്റെ ഉള്ളടക്കം പ്രസക്തമാണെങ്കിലും സർക്കാർ ഭക്ഷ്യ സിവിൽ സർവ്വീസ് വകുപ്പ് പ്രസ്തുത വിഷയത്തിൽ സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ ഈ ബില്ലിനെ വകുപ്പ് അനുകൂലിക്കുന്നില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഭക്ഷണശാലകളിലെ വൃത്തിയും വെടിപ്പും വിലനിലവാരവും ജനങ്ങളെയാകെ ബാധിക്കുന്ന ഒരു സുപ്രധാനമായ വിഷയമാണ്. വലിയ തോതിലുള്ള യാത്രകളുടെ ഒരു കാലമാണിതെന്ന് നമുക്കെല്ലാവർക്കുമറിയാം. ആഭ്യന്തര വിനോദസഞ്ചാരികളായും വിദേശ

സഞ്ചാരികളായും പതിനായിരക്കണക്കിന് ആളുകളാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് വന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. നിത്യജീവിതവുമായി ബന്ധപ്പെട്ട പല ആവശ്യങ്ങൾക്കും നമുക്കെല്ലാവർക്കും യാത്ര ചെയ്യേണ്ടിവരും. അതുകൊണ്ടുതന്നെ പലപ്പോഴും ഇത്തരം റസ്റ്റോറന്റുകളെയും ഹോട്ടലുകളെയുമാണ് നമുക്ക് അഭയം പ്രാപിക്കേണ്ടി വരുന്നത്. പലപ്പോഴും ചില സ്ഥലങ്ങളിൽ പുറത്ത് കാണുമ്പോൾ നല്ല വൃത്തിയായി നമുക്ക് തോന്നും, അകത്തോട്ട് കയറുമ്പോൾ അകത്തും നല്ലതായിരിക്കും. എന്നാൽ പുറകിലുള്ള അടുക്കളയിൽ പോയാൽ പലയിടത്തും വളരെ വൃത്തിഹീനമായ സാഹചര്യമാണ് കാണാൻ കഴിയുന്നത്. അതോടൊപ്പം അമിതമായ വിലയാണ് വാങ്ങുന്നത്. എന്നാൽ ചില സ്ഥലങ്ങളിൽ നല്ല വിലക്കുറവുണ്ട്. ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ് 'ജനകീയ ഭക്ഷണശാലകൾ' - മുപ്പത് രൂപയ്ക്ക് ജനങ്ങൾക്ക് കഴിക്കാൻ കഴിയുന്ന വൃത്തിയായ ഭക്ഷണം. അതോടൊപ്പം കിടപ്പുരോഗികൾക്ക് സൗജന്യമായി ഭക്ഷണം കൊടുക്കുന്ന ഭക്ഷണശാലകളുമുണ്ട്. മികച്ച നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പതിനായിരക്കണക്കിന്

തൊഴിലാളികളും സ്ഥാപന ഉടമകളുമുള്ള ഒരു പ്രധാനപ്പെട്ട വ്യവസായമാണിത്. അത് നല്ല നിലയിൽത്തന്നെ പോകണം. ഈ ബിൽ അതിനൊന്നും എതിരായിട്ടുള്ളതല്ല. ഭക്ഷണം ആഡംബരമായി മാറിയ ഒരു പ്രത്യേക കാലത്താണ് നമ്മളെല്ലാം ജീവിക്കുന്നത്. മാന്യമായ ഭക്ഷണം ന്യായമായ നിരക്കിൽ നൽകുന്നത് ഏകീകരിക്കാൻ കഴിയണം. വിലനിലവാരം ഏകീകൃതമായ രൂപത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം. ക്ലാസ്സ് നിശ്ചയിക്കാം, അതിനൊന്നും തർക്കമില്ല. ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് എല്ലാവർക്കും ആരോഗ്യകരമായ ഭക്ഷണം ലഭ്യമാകണമെന്നാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ആരോഗ്യകരമായ സംവിധാനത്തിൽ ഭക്ഷണം അനിവാര്യമായ ഘടകമാണെന്ന ഗൗരവമുള്ള വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. മാലിന്യമില്ലാത്ത, മായം ചേർക്കാത്ത ഗുണമേന്മയുള്ള ഭക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അവരുടെ പ്രവർത്തനം ഇന്നത്തെ കാലഘട്ടത്തിൽ

ഏറ്റവും ശക്തിമത്തായി മാറേണ്ട സന്ദർഭമാണെന്നുള്ള കാര്യം അങ്ങ് കാണുന്നുണ്ടോ?

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഗവൺമെന്റും ആരോഗ്യവകുപ്പും, ഭക്ഷ്യവകുപ്പും നല്ല ഇടപെടൽ നടത്തുന്നുണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർമാർ കർശനമായ പരിശോധന നടത്തുന്നുണ്ട്. പക്ഷെ എല്ലായിടത്തും ഒരുപോലെയുണ്ടോ എന്നുചോദിച്ചാൽ, ഇല്ലെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. മലയാളിയുടെ ജീവിതത്തിന്റെ ഇന്നത്തെ ചെലവിന്റെ വലിയൊരു ഭാഗവും ഭക്ഷണത്തിനും മരുന്നിനുമാണ് മാറ്റിവയ്ക്കപ്പെടുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. വിലനിലവാരവും ഗുണനിലവാരവും ഉറപ്പുവരുത്തിക്കാനുള്ള ചുമതല യഥാർത്ഥത്തിൽ ഭക്ഷ്യവകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി ഏറ്റെടുത്ത് നമ്മുടെ നാട്ടിലെ ജനങ്ങളുടെ ജീവന് സുരക്ഷിതത്വം കൊടുക്കാനുള്ള ഉത്തരവാദിത്വം കുറേക്കൂടി കാര്യക്ഷമതയോടെ നിർവ്വഹിച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയണം. നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ചെറുതായി കാണുന്നുമില്ല. എന്നാൽ വിലനിർണ്ണയവുമായി ബന്ധപ്പെട്ട് പറയുമ്പോൾ, ഭക്ഷണശാലയിൽ

എത്തുന്നയാളെ സംബന്ധിച്ചിടത്തോളം അവർ ആവശ്യപ്പെടുന്ന ഭക്ഷണം കൃത്യതയോടെ കൊടുക്കുന്നതിനോടൊപ്പം അതിന്റെ വില കൃത്യമായി പ്രദർശിപ്പിക്കുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ ഭക്ഷണത്തിലെ ചേരുവകളുടെ കാര്യവും ഉറപ്പുവരുത്താൻ കഴിയണം. നമ്മുടെ നാടൻ ഭക്ഷണങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അത് പ്രാദേശിക കർഷകർക്കും മറ്റും വളരെയേറെ ഗുണകരമായിട്ടുള്ളതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, വളരെ കാലിക പ്രസക്തിയുള്ള ഒരു വിഷയത്തെ സംബന്ധിച്ച ബില്ലാണ് അങ്ങ് കൊണ്ടുവന്നിട്ടുള്ളത്. പതിനാലാം നിയമസഭയിൽ ഇത്തരത്തിലുള്ളൊരു ബിൽ അവതരിപ്പിക്കാൻ എനിക്കും അവസരം കിട്ടിയതാണ്. തുടർ ചർച്ചയ്ക്ക് മാറ്റി വയ്ക്കാത്തതുകൊണ്ടാണ് പിന്നീടത് ചർച്ച ചെയ്യപ്പെടാതിരുന്നത്. വിലനിലവാരത്തെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ; വിലനിലവാരം പ്രദർശിപ്പിക്കൽ മാത്രമല്ല, അതിനൊരു മാനദണ്ഡം ഉണ്ടാകേണ്ടതുണ്ട്. പല ജില്ലകളിലും പല ഹോട്ടലുകളിലും വ്യത്യസ്തമായ വിലനിലവാരമാണ് പ്രദർശിപ്പിക്കുന്നത്. ഗുണനിലവാരം

പരിശോധിക്കണമെന്ന് അങ്ങ് പറഞ്ഞ കാര്യങ്ങളോട് യോജിച്ചുകൊണ്ടുതന്നെ വിലനിലവാരത്തിൽ കൃത്യമായ ക്രമീകരണം സംസ്ഥാനത്താകെ വരുത്തേണ്ടത് ഭക്ഷ്യ അവകാശത്തിൽപ്പെട്ടതല്ലേ; അത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ വരുന്നത് തന്നെയാണ്. വരണമെന്നാണ് എന്റെ അഭ്യർത്ഥന. നമ്മുടെ റെസ്റ്റോറന്റുകളിൽ, ഹോട്ടലുകളിൽ തൊഴിലെടുക്കുന്നവരിൽ വലിയൊരു ഭാഗവും അന്യസംസ്ഥാനങ്ങളിൽനിന്നും വന്ന അഥിതിത്തൊഴിലാളികളാണ്. അവർക്ക് മലയാളികളുടെ ജീവിത രീതിയല്ല. വൃത്തിയുടെ കാര്യത്തിലുമൊക്കെ പലയിടത്തും പലതരത്തിലുള്ള പ്രശ്നങ്ങളുള്ളതാണ്. അത്തരം തൊഴിലാളികളുടെ സേവനമാണ് കൂടുതൽ ഉണ്ടാകുന്നത് എന്നുള്ളതുകൊണ്ട് അവരുടെ ആരോഗ്യത്തെയും സുരക്ഷയെയും ഉറപ്പുവരുത്തേണ്ടത് നമ്മുടെകൂടി ആവശ്യമാണെന്നുള്ള കാര്യം ഗൗരവമായി കാണേണ്ടതാണ്. അതിൽതന്നെ പല സ്ഥലങ്ങളിലുള്ളവർ സ്ഥിരമായിട്ടുള്ള ആളുകളല്ല, വന്നുപോകുന്നവരാണ്,

നാലോ അഞ്ചോ ദിവസം നിൽക്കുന്നു, പോകുന്നു, വേറെ ആൾക്കാർ വരുന്നു. അവരാണ് കിച്ചണിലടക്കം പലയിടത്തും ജോലി നോക്കുന്നത്. അങ്ങനെയുള്ള ആളുകളെ കാണുമ്പോൾ നമ്മൾ വാങ്ങിക്കഴിക്കുന്ന ഭക്ഷണം എത്രത്തോളം സുരക്ഷിതമാണെന്ന് സംശയമുണ്ടാകും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, അടുത്തകാലത്ത് ഭക്ഷ്യവിഷബാധ കൂടുതലായി റിപ്പോർട്ടുചെയ്യുകയാണ്. അതിനാൽ ഭക്ഷണത്തിന് ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുന്നതരത്തിലുള്ള നിയമനിർമ്മാണം നല്ലതാണ്. ഭക്ഷണം തയ്യാറാക്കുന്ന ഭക്ഷണശാലകളിൽ അടുക്കളയിൽ കയറി ആർക്കുവേണമെങ്കിലും പരിശോധിക്കാൻ കഴിയുന്നതരത്തിലേയ്ക്ക് മാറ്റം കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആ നിർദ്ദേശം പരിഗണിക്കാവുന്നതാണ്. എന്നാൽ ഹോട്ടൽ ഉടമകൾ എത്രത്തോളം അത് അനുവദിക്കുമെന്നറിഞ്ഞുകൂടാ. പുറകിൽക്കൂടി പോയി അടുക്കളയിൽ നോക്കുക എന്നത് ചില പ്രയാസങ്ങളുണ്ടാക്കാനിടയുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, വളരെ ഗൗരവത്തിലും ആഴത്തിലും ചർച്ച ചെയ്യേണ്ടൊരു വിഷയമാണ് അങ്ങ് അവതരിപ്പിച്ചത്. കാരണം ഭക്ഷണത്തിന്റെ വില സർക്കാർ ഇടപെട്ട് നിയന്ത്രിക്കുകയെന്നത് എത്രമാത്രം പ്രായോഗികമാണ് എന്നകാര്യത്തിൽ എനിക്ക് സംശയമുണ്ട്. കാരണം ക്വാളിറ്റി ഫുഡ് ലഭിക്കണം, സുരക്ഷിതമായ നല്ല ഭക്ഷണമായിരിക്കണം എന്നതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ഇന്ന് ചെറുപ്പക്കാർക്കിടയിലുണ്ടാകുന്ന ഒരു ട്രെൻഡ് നല്ല വെറൈറ്റിയുള്ള ക്വാളിറ്റിയുള്ള ഭക്ഷണം എവിടെ കിട്ടുമോ അത് തേടിപ്പോയി കഴിക്കുന്നതാണ്. ഫുഡ് ട്രാവൽ, ഫുഡ് വ്ലോഗേസ് എന്നിവയെല്ലാം യൂട്യൂബേഴ്സ് പരിചയപ്പെടുത്തുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇല്ലാത്തൊരു കൾച്ചർ എന്നുപറയുന്നത്.... വിദേശ രാജ്യങ്ങളിൽ പോയാൽ നമുക്ക് ഫുഡ് സ്ട്രീറ്റ്സ് കാണാൻ കഴിയും. അതായത്, ക്വാളിറ്റിയുള്ള, വെറൈറ്റിയുള്ള സ്ട്രീറ്റ്സ് ഫുഡ് കൊടുക്കുന്നതിനുവേണ്ടി അവിടെ നല്ല വൃത്തിയും നല്ല വെള്ളവും ഡ്രെയിനേജ് സംവിധാനങ്ങളുമൊക്കെയായി ഗവൺമെന്റാണ് ഫുഡ് സ്ട്രീറ്റിനുവേണ്ട എല്ലാ സൗകര്യവും ഒരുക്കിക്കൊടുക്കുന്നത്. അങ്ങനെവരുമ്പോൾ കുറഞ്ഞ ചെലവിൽ

നല്ല ക്വാളിറ്റിയുള്ള ഫുഡ് അവൈലബിളാക്കാൻ കഴിയും. അത്തരത്തിലൊരു അപ്രോച്ച് നമ്മുടെ ഗവൺമെന്റിന് ഇതുവരെ ഉണ്ടായിട്ടില്ല. അതുണ്ടെങ്കിൽ നല്ലതാണ്, പ്രോത്സാഹിപ്പിക്കാൻ കഴിയും. കാരണം ചുരുങ്ങിയ ചെലവിൽ നല്ല സ്ട്രീറ്റ് ഫുഡ് കൊടുക്കുകയെന്നുള്ളത് ഒരു നാടിന്റെ ടൂറിസത്തെപ്പോലും ഇംപ്രൂവ് ചെയ്യുന്നതാണ്. ആ നിലയിലുള്ള സൗകര്യങ്ങൾ വേണ്ടതിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെയർപേഴ്സൺ: യെസ്.... ശ്രീ. പി. പി. ചിത്തരഞ്ജൻ, സമയമായി....ബിൽ തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റാം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. എല്ലാവരെയും ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ് എല്ലാവർക്കും വഴങ്ങിക്കൊടുക്കുന്നത്. പലയിടത്തും ഫൈവ് സ്റ്റാർ ഭക്ഷണം തേടിപ്പോകുന്ന ഒരു സ്ഥിതിയാണ് നാം കാണുന്നത്. നമ്മുടെ നാട്ടിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽപ്പോലും കൂടുതൽ മികച്ച ഭക്ഷണത്തെപ്പറ്റിയും ഫൈവ് സ്റ്റാർ ഭക്ഷണങ്ങളെപ്പറ്റിയുമാണ് നമ്മളെല്ലാം ചിന്തിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഫുഡ് സ്ട്രീറ്റ്, ടൂറിസം

ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് അങ്ങനെ ചില നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ആലപ്പുഴയിൽ ഒരു ഫുഡ് സ്ട്രീറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആലപ്പുഴ മുനിസ്സിപ്പാലിറ്റി ആരംഭിച്ചിട്ടുണ്ട്. അത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതുമാണ്. ഇന്ന് ഭക്ഷണം എന്നത് വിശപ്പുമാറ്റുക എന്നതിനുപരിയായി ഒരു ആഡംബരമായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇന്ന് നമ്മുടെ പ്രധാനപ്പെട്ട പല പരിപാടികളിലും ഫൈവ്സ്റ്റാർ ഭക്ഷണം വിളമ്പിയേതീരുവെന്ന മനോഭാവത്തിലേയ്ക്ക് ആളുകൾ എത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായാണ് സാധനങ്ങളുടെ വില കുതിച്ചുയർന്നുകൊണ്ടിരിക്കുന്നത്. സാധാരണക്കാർക്ക് മാന്യമായ ഭക്ഷണം, ബുദ്ധിമുട്ടില്ലാതെ വാങ്ങാൻ കഴിയുന്ന സാഹചര്യമുണ്ടാകണമെന്നുള്ളതാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. അതോടൊപ്പം ചൂഷണം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും തയ്യാറാകണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച ബിൽ വളരെ പ്രസക്തമായൊരു ബില്ലാണ്. ഗുണമേന്മയുള്ള ഭക്ഷണം നൽകുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ നാട്ടിലെ ചില

ഭക്ഷണ പദാർത്ഥങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റിയയ്ക്കുമ്പോൾ നിരോധിക്കപ്പെട്ടിട്ടുണ്ട്. യു.എ.ഇ.-യിൽ നിരോധിക്കപ്പെട്ട കറിവേപ്പില നമ്മുടെ നാട്ടിൽ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതിനുശേഷമാണ് കറിവേപ്പിലയിൽ വിഷാംശമുണ്ടെന്ന് നമ്മൾ കണ്ടെത്തുന്നത്. ഫുഡ് കോർട്ട്, ഫുഡ് സ്ട്രീറ്റ് തുടങ്ങിയ സംവിധാനങ്ങളെല്ലാം നല്ലകാര്യംതന്നെയാണ്. ഏറ്റവും ഗുണമേന്മയുള്ള വിഷരഹിതമായ ഭക്ഷണം കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് താങ്കളുടെ ബിൽ ഒരു നിമിത്തമാകുകയാണെങ്കിൽ ഏറ്റവും ഉചിതമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. കാരണം ഇതൊരു ജനകീയ പ്രശ്നമെന്ന നിലയിൽ, സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽനിന്നും ഇവിടെവന്നുപോകുന്ന എല്ലാവർക്കും ഗുണപരമാകുന്ന നിലയിൽ, ഏറ്റവും മികച്ച ഭക്ഷണം ഏറ്റവും ന്യായമായ വിലയ്ക്ക് കൊടുക്കാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തുകയെന്നുള്ളതാണ് ഈ ബില്ലിന്റെ ലക്ഷ്യം.

ചെയർപേഴ്സൺ: ഇന്ന് ധാരാളം ബില്ലുകൾ പരിഗണിക്കേണ്ടതുള്ളതിനാൽ ഈ ബിൽ തുടർചർച്ചയ്ക്കുവേണ്ടി മാറ്റാം. ഇന്ന് വെള്ളിയാഴ്ച ആയതിനാൽ ഉച്ചയ്ക്ക് 12.30-ന് സഭാസമ്മേളനം അവസാനിപ്പിക്കേണ്ടതുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

## 2021-ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. പി. ഉബൈദുള്ള: സർ, 2021-ലെ കേരളാ സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ്

രൂപീകരിക്കുന്നതു സംബന്ധിച്ച സ്വകാര്യ ബില്ലാണ് ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള അവതരിപ്പിച്ചത്. ഇന്ന് സ്കൂളുകളിൽ നടന്നുകൊണ്ടിരിക്കുന്ന ഈ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ 60:40 എന്നനിലയിൽ കേന്ദ്ര സർക്കാർ നോംസ് പ്രകാരം നിശ്ചയിക്കപ്പെട്ട ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന പദ്ധതിയിനത്തിനുപരിയായി വരുന്ന പദ്ധതിച്ചെലവ് സംസ്ഥാന സർക്കാരിന് അധിക ബാധ്യതയായി നിലനിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നോംസ് പ്രകാരം ഒരു തൊഴിലാളിയുടെ പ്രതിമാസ മാൻഡേറ്ററി ഓണറേറിയം ആയിരം രൂപയാണ്. ഇതിൽ 60 ശതമാനം തുകയായ 600 രൂപ മാത്രമാണ് കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് ലഭിക്കുന്നത്. തികച്ചും വികേന്ദ്രീകൃതമായ രീതിയിലാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. സ്കൂൾ തലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല സ്കൂൾ പി.ടി.എ. പ്രസിഡന്റ് ചെയർമാനും പ്രധാന അധ്യാപകൻ/പ്രധാന അധ്യാപിക കൺവീനറുമായിട്ടുള്ള സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിക്കാണ്. ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള തൊഴിലാളികളെ നിശ്ചയിക്കുന്നതും

പ്രസ്തുത കമ്മിറ്റിയാണ്. കേന്ദ്ര ഗവൺമെന്റ് നോംസ് പ്രകാരമാണെങ്കിലും ഓണറേറിയം വ്യവസ്ഥയിലാണ് പാചകത്തൊഴിലാളികളെ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയിൽ നിയമിക്കേണ്ടത്. കേന്ദ്ര സർക്കാർ 2006-ൽ പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിൽ സ്കൂളിലെ പാചകവുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിന് സ്കൂൾ മാനേജ്മെ ന്റ് ആൻഡ് ഡെവലപ്മെന്റ് കമ്മിറ്റിയെ പി.ടി.എ. ചുമതലപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾകൂടി പരിഗണിച്ചാണ്, സ്കൂൾ പി.ടി.എ. ജനറൽ ബോഡിയിൽനിന്ന് രൂപീകരിക്കുന്ന ഉച്ചഭക്ഷണ കമ്മിറ്റിക്ക് പാചകത്തൊഴിലാളികളെ നിയമിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളത്. ഇപ്രകാരം സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി നിയമിക്കുന്ന പാചകത്തൊഴിലാളികൾക്ക് ഓണറേറിയം നൽകുക മാത്രമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യുന്നത്. ഓണറേറിയത്തിനുപുറമെ സംസ്ഥാന സർക്കാർ പ്രത്യേക താൽപര്യമെടുത്ത് 2017 മുതൽ വേനലവധിക്കാലത്ത് തൊഴിലാളികൾക്ക് പ്രതിമാസം 2000 രൂപ വീതം സമാശ്വാസം നൽകിവരികയാണ്. പ്രാദേശിക തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി നിയമിക്കുന്ന തൊഴിലാളികൾക്ക് കൃത്യമായ പ്രായപരിധി, സേവന

വ്യവസ്ഥകൾ എന്നിവ നിശ്ചയിച്ചിട്ടില്ല. 500 കുട്ടികൾക്ക് ഒരു തൊഴിലാളിയും 500-ന് മുകളിൽ എത്ര കുട്ടികളുണ്ടെങ്കിലും ഒരു തൊഴിലാളികൂടി എന്ന കണക്കിലാണ് ഉച്ചഭക്ഷണ പാചക തൊഴിലാളികളെ സംസ്ഥാനത്ത് നിലവിൽ നിയമിച്ചുവരുന്നത്. കൃത്യമായ പ്രായപരിധി നിശ്ചയിക്കാത്തതിനാൽ 65 വയസ്സിനും അതിനുമുകളിലും പ്രായമുള്ള നിരവധി തൊഴിലാളികൾ ഈ മേഖലയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. പദ്ധതിയുടെ പരിധിയിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന 13492 തൊഴിലാളികളിൽ 1727 ജീവനക്കാർ 65 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. പ്രായാധിക്യമുള്ള തൊഴിലാളികൾക്ക് വലിയ ശാരീരികാദ്ധ്വാനം ആവശ്യമുള്ള പാചകജോലി കാര്യക്ഷമമായി നിർവ്വഹിക്കാൻ സാധിക്കാത്തൊരു സ്ഥിതി നിലവിലുണ്ട്. ഇത് കുട്ടികൾക്ക് നൽകുന്ന ഭക്ഷണത്തിന്റെ പൊതുവായ ഗുണമേന്മയെയും പോഷകാഹാര ലഭ്യതയെയും ശുചിത്വത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണത്തിനാനുപാതികമായി തൊഴിലാളികളെ നിയമിക്കുന്നതിന് നോംസ് രൂപീകരിക്കുകയും തൊഴിലാളികൾക്ക് സേവനത്തിൽ തുടരുന്നതിനുള്ള ഉയർന്ന പ്രായപരിധി

നിശ്ചയിക്കേണ്ടത് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് അനിവാര്യമാണ്. പാചകത്തൊഴിലാളികളുടെ ഓണറേറിയം ഇനത്തിൽ കേവലം 4 ശതമാനം മുതൽ 5 ശതമാനം വരെ തുക മാത്രമാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നോംസ് പ്രകാരം ഒരു തൊഴിലാളിയുടെ പ്രതിമാസ മാൻഡേറ്ററി ഓണറേറിയം ആയിരം രൂപയാണെങ്കിലും പ്രതിമാസം 12,000 രൂപ മുതൽ 13,500 രൂപവരെ ഒരു തൊഴിലാളിക്ക് സംസ്ഥാന സർക്കാർ ശമ്പളയിനത്തിൽ നൽകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രതിമാസം 11,000 രൂപ മുതൽ 12,500 രൂപ വരെയും പ്രതിവർഷം 1,10,000 രൂപ മുതൽ 1,20,000 രൂപവരെയുമാണ് തൊഴിലാളി ഒന്നിന് സംസ്ഥാന സർക്കാരിന് അധിക ബാധ്യതയുള്ളത്. ഈയിനത്തിൽ 160 കോടി രൂപയാണ് സംസ്ഥാന സർക്കാരിന് അധിക ബാധ്യതയായി വരുന്നത്. ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് കൂടുതൽ തൊഴിലാളികളെ നിശ്ചയിക്കുന്നതും നിലവിൽ പാചകത്തൊഴിലാളികൾക്ക് നൽകിവരുന്ന ഓണറേറിയത്തിന്റെ 50 ശതമാനം അല്ലെങ്കിൽ, മൂന്നിലൊന്ന് തുക ഓണറേറിയമായി നൽകിക്കൊണ്ടാണ് അസിസ്റ്റന്റ് കുക്ക്, ഹെൽപ്പർ

എന്നീ തസ്തികകളിൽ ആളുകളെ നിയമിക്കുന്നത്. തൊഴിലാളികൾക്ക് കൃത്യമായ പ്രായപരിധി നിശ്ചയിക്കുന്നതും അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതും സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിനാൽ, ഞാനിവിടെ സൂചിപ്പിച്ച സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാൽ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, കേരള സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് പൊതുവിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിന് തൊഴിലാളികൾ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. തൊഴിൽ സ്ഥിരത ഇല്ലാത്തതുമൂലവും മറ്റും ഇവർക്ക് നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. ഇവരുടെ പ്രയാസങ്ങളും വിഷമതകളും പരിഹരിക്കുന്നതിനും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, ചികിത്സാസഹായം എന്നിവ

നൽകുന്നതിനുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. യഥാർത്ഥത്തിൽ, ഈ ബില്ലിലെ തത്വങ്ങളോട് ബഹുമാനപ്പെട്ട മന്ത്രിതന്നെ ആമുഖഭാഷണത്തിൽ യോജിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഇതൊരു കേന്ദ്ര പദ്ധതിയാണെങ്കിൽപ്പോലും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം 60:40 നിരക്കിലാണ് ഇവർക്ക് വേതനം നൽകുന്നതിനായി ഇപ്പോൾ വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. വലിയ സേവനമാണ് ഈ പാചകത്തൊഴിലാളികൾ സ്കൂളിലെ കുട്ടികൾക്കുവേണ്ടി, നമ്മുടെ സമൂഹത്തിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ കുട്ടികൾ രാവിലെ ഭക്ഷണംപോലും കഴിക്കാതെയാണ് സ്കൂളിലെത്തുന്നത്. എത്രയോ സ്കൂൾ അസംബ്ലികളിൽ കുട്ടികൾ തലകറങ്ങി വീഴുന്നത് നമ്മൾ കാണുന്നുണ്ട്. എന്താണ് കാര്യം? അവർ രാവിലെ ഭക്ഷണം കഴിക്കാതെയാണ് സ്കൂളിൽ എത്തിയിട്ടുണ്ടാകുക. ആ കുട്ടികൾക്ക് പോഷകാഹാരം നൽകിക്കൊണ്ടിരിക്കുന്നത് സ്കൂളുകളിലെ പാചകത്തൊഴിലാളികളാണ്. അവർക്ക് തുച്ഛമായ വേതനം, 600 രൂപയാണ് ദിവസവേതനമായി നൽകിവരുന്നത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അക്കാര്യം ഇവിടെ സൂചിപ്പിച്ചു.

എന്നാൽ ഇതൊരു താൽക്കാലിക ജോലിയല്ല. സ്കൂൾ പാചകത്തൊഴിലാളിയുടെ ജോലി എന്നത് നിത്യവേതനത്തിന് ജോലി ചെയ്ത് തിരിച്ചുപോകേണ്ട ജോലിയല്ല. ഒരു സ്ഥിരം സംവിധാനമാണ്. നമ്മുടെ സ്കൂളിലെ അധ്യാപകരെയും മറ്റ് ഇതര ജീവനക്കാരെയുംപോലെ ഒരു സ്ഥിരം സംവിധാനമാണ് ഈ പാചകത്തൊഴിലാളി എന്നുപറയുന്നത്. അപ്പോൾ അവർക്ക് അവരുടെ സേവനത്തിന് അനുസരിച്ചുള്ള വരുമാനം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.

ശ്രീമതി കെ. കെ. രമ: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ്. ഈ പാചകത്തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. പാവപ്പെട്ട സ്ത്രീകൾ വളരെ തുച്ഛമായ വേതനത്തിനാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവർക്ക് ഈ മാർച്ച് മാസത്തിലെ പെൻഷൻ കിട്ടിയിട്ടില്ല. വേനൽക്കാല അലവൻസ് കിട്ടാത്ത പ്രശ്നങ്ങളൊക്കെ അവർ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയാണ്. എല്ലാം വൈകിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം സമയബന്ധിതമായി നൽകാനുള്ള നടപടികൂടി ഇതിന്റെ ഭാഗമായുണ്ടാകണം. അതുപോലെ, ഇവർക്ക് കാൻസർ പോലുള്ള മാരകരോഗങ്ങൾ വരുമ്പോൾ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ

നൽകാനാവശ്യമായ നടപടിയും ഈ ബില്ലിന്റെ ഭാഗമായി വരണം. വളരെ പ്രധാനപ്പെട്ട ബില്ലാണിത്.

ശ്രീ. സി. ആർ. മഹേഷ്: സർ, സ്കൂൾ പാചകത്തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രികൂടി ഉള്ളതുകൊണ്ടാണ് ഞാനിത് ചോദിക്കുന്നത്. വളരെ ഗൗരവമുള്ളൊരു കാര്യമാണ് സഭയുടെ മുന്നിൽ വന്നിട്ടുള്ളത്. എന്റെ മണ്ഡലത്തിലുള്ള നിരവധിപേർ എന്നെ വന്ന് കണ്ട് പറഞ്ഞത്, അവരുടെ ജോലിക്ക് സ്ഥിരതയില്ല, അവർക്ക് ആവശ്യമായ ശമ്പളം ലഭിക്കുന്നില്ല. ശമ്പളം യഥാസമയം ലഭിക്കുന്നുമില്ല എന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും പലപ്പോഴും അവരെ ഒരു employee ആയി കാണുന്നില്ല. തൊഴിലാളി ക്ഷേമത്തെ മുൻനിർത്തി മനസ്സിലാക്കാൻ കഴിയുന്നൊരു മന്ത്രി എന്നുള്ള നിലയ്ക്ക്, അവരുടെ ഈ പരിതാപകരമായ അവസ്ഥ പരിഹരിക്കാൻ, ഈ ബിൽ ഇവിടെ അവതരിപ്പിച്ച പശ്ചാത്തലത്തിലെങ്കിലും അങ്ങയുടെ ഭാഗത്തുനിന്നും ഒരു നടപടി

സ്വീകരിക്കുമോ; അങ്ങേയറ്റം ദയനീയമായ സ്ഥിതിയാണ് കേരളത്തിലെ സ്കൂൾ പാചകത്തൊഴിലാളികൾ മുഴുവൻ അനുഭവിക്കുന്നത്. അവർക്ക് ആവശ്യമായ ശമ്പളമില്ലെന്നുമാത്രമല്ല, നിലവിലുള്ള ശമ്പളംപോലും കിട്ടാത്ത, ജോലി സ്ഥിരതയില്ലാത്ത സ്ഥിതിയാണുള്ളത്. ഇതിന് ഒരു പരിഹാരം കാണാൻ അങ്ങ് ശ്രമിക്കുമോ എന്നുള്ളതാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടത്തുന്ന പ്രോജക്ടാണിത്. കേന്ദ്ര ഗവൺമെന്റ് 600 രൂപയാണ് ഒരാൾക്ക് നൽകുന്നത്. അതിൽ സംസ്ഥാന ഗവൺമെന്റ് 400 രൂപകൂടി ചേർത്ത് 1,000 രൂപയാക്കിയാണ് അവർക്ക് നൽകിക്കൊണ്ടിരുന്നത്. Parent Teachers Association അടങ്ങുന്ന ഒരു കമ്മിറ്റിയാണ് ഇവരെ അപ്പോയിന്റ് ചെയ്യുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷനോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ അല്ല ഇവരെ നിയമിക്കുന്നത്. ഇവരുടെ ദയനീയ സ്ഥിതി മനസ്സിലാക്കിക്കൊണ്ട് കാലാകാലങ്ങളിൽ വരുന്ന സംസ്ഥാന ഗവൺമെന്റുകൾ കുറച്ച് തുക വർദ്ധിപ്പിച്ച് ഇപ്പോൾ സീനിയോറിറ്റി അനുസരിച്ച് 12,500/-രൂപയും

13,500/- രൂപയുംവരെ ശമ്പളം വാങ്ങുന്ന ആളുകളുണ്ട്. ഇതിൽ ഏതാണ്ട് 50 ശതമാനം ആളുകളും 65 വയസ്സ് കഴിഞ്ഞ പാവപ്പെട്ട അമ്മമാരാണ്. ആ അമ്മമാർക്ക് ജോലി ചെയ്യാനുള്ള ആരോഗ്യശേഷി ഇല്ലാത്തതുകൊണ്ടും പട്ടിണി ആയതുകൊണ്ടും ആ അമ്മമാർ വന്ന് അവിടെ ഇരുന്നതിനുശേഷം അമ്മയുടെ മകളോ മരുമകളോ അവരുടെ ബന്ധുക്കളോ ആണ് കുട്ടികൾക്ക് പാചകം ചെയ്തുകൊടുക്കുന്നത്. ഏതാണ്ട് 10 ലക്ഷത്തോളം വരുന്ന നമ്മുടെ മക്കളെ തീറ്റിപ്പോറ്റുന്നവരാണ് ഇവർ. അവർക്ക് ഇപ്പോൾ ചെറിയ കുടിശ്ശികയൊക്കെ ഇടയ്ക്ക് വന്നിട്ടുണ്ട്. കുടിശ്ശികയൊക്കെ എല്ലാ സ്ഥലത്തും ഉണ്ടാകുമല്ലോ; അതിന്റെ കൂട്ടത്തിൽ ഇതും ഉണ്ടായിട്ടുണ്ട്. അത് ഈ ബില്ലുകൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളല്ല. അതുകൊണ്ട് അങ്ങിവിടെ സൂചിപ്പിച്ച കാര്യമടക്കം വച്ചുകൊണ്ട്, അവർക്ക് കുറച്ചുകൂടി എങ്ങനെ മെച്ചപ്പെട്ട കാര്യങ്ങൾ ചെയ്യാം എന്നതിനെ സംബന്ധിച്ച കാര്യം ആലോചിക്കാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടയ്ക്കുള്ള ഇടപെടൽകൂടിക്കൊണ്ട് ഈ ബിൽ വീണ്ടും ശ്രദ്ധേയമാകുകയാണ്. വളരെ പ്രസക്തമായൊരു ബില്ലാണിത്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട മന്ത്രി

പാവപ്പെട്ടവരോട് ആർദ്രമായ മനസ്സുള്ള, സഹാനുഭൂതിയുള്ള ഒരു വ്യക്തിയെന്ന നിലയ്ക്ക് തീർച്ചയായും ഈ പാചകത്തൊഴിലാളികളുടെ കാര്യം പ്രത്യേകിച്ച് പരിഗണിക്കുമെന്ന രീതിയിൽത്തന്നെയാണ് ഇവിടെ കമന്റ് വന്നിട്ടുള്ളത്. ഇതിൽ എല്ലാ പാചകത്തൊഴിലാളികൾക്കും, എന്നുപറഞ്ഞാൽ ഗവൺമെന്റ് അംഗീകൃത സ്കൂളുകളിൽ കൊടുക്കുന്ന പാചകത്തൊഴിലാളികൾക്ക് പുറമെ മറ്റുള്ള അൺ-എയ്ഡഡ്, എയ്ഡഡ് സ്കൂളുകളിൽ എല്ലായിടത്തും ഇത് കൊടുക്കുന്നില്ല. എല്ലാവർക്കും ഇതിന്റെ സർവൈലൻസ് എത്തുന്നുണ്ട് എന്നുള്ള രീതിയിൽക്കൂടി ഈ ബില്ലിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട....

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇത് ഗൗരവമുള്ളൊരു വിഷയമാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാവർക്കും താൽപ്പര്യമുള്ള വിഷയമാണ്. എല്ലാവരും അതിനോട് യോജിക്കുന്നതിനാൽ നമുക്ക് ഈ ബില്ലിന്റെ ചർച്ച തുടരാവുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ ഇവിടെ മുന്നോട്ടുവച്ച ഈ ഒരു ആശയത്തിന് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഈ ചർച്ച തെളിയിക്കുകയാണ്. ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച്

ഇവിടെ സൂചിപ്പിച്ചു. അവരുടെയടുത്തെല്ലാം അവരുടെ പരിധിയിൽപ്പെടുന്ന സ്കൂളുകളിലെ  പാചകത്തൊഴിലാളികൾ പലപ്പോഴായി വന്ന് അവരുടെ നീറുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷണം പാചകം ചെയ്യുന്നവർ എപ്പോഴും ആത്മസംതൃപ്തിയോടുകൂടി ജോലി ചെയ്യുന്നവരായിരിക്കണം. അവരെപ്പോഴും സംതൃപ്തരായിരിക്കണം. കാരണം, നമ്മുടെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം നൽകുന്ന ആളുകളാണവർ. സാധാരണ നമ്മളുടെ ഒരു സ്വഭാവം എന്താണെന്നുവച്ചാൽ, കുട്ടികളുടെ ഭക്ഷണകാര്യത്തിൽ നമ്മൾ ശ്രദ്ധിക്കില്ല. രാവിലെ വീട്ടിൽനിന്നും ഗൃഹനാഥൻ ഇറങ്ങുമ്പോൾ ഗൃഹനായിക ചോദിക്കുക, ഉച്ചയ്ക്ക് ഭക്ഷണത്തിന് ഉണ്ടാകുമോ എന്നാണ്. എന്നുവച്ചാൽ, ഗൃഹനാഥന്  നല്ല ഭക്ഷണം കൊടുക്കണം.  കുട്ടികളും ഗൃഹനായികമാരും പഴകിയ ഭക്ഷണം കഴിച്ചാലും കുഴപ്പമില്ല. ഗൃഹനാഥന്മാർ നല്ല ഭക്ഷണം കഴിക്കട്ടേ എന്ന നല്ല മനസ്സുള്ളവരാണ് അവർ പലരും.  (...ബഹളം...) അത് ശരിയല്ലെന്നാണ് പറഞ്ഞത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, മഹാഭൂരിപക്ഷം വരുന്ന ആളുകളുടെ വീട്ടിലും ആദ്യം ചോദിക്കുന്നത് മകനും മകളും ആഹാരം കഴിച്ചോ എന്നാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന നാട്ടുനടപ്പാണ് ഞാൻ പറഞ്ഞത്. അതുമാത്രം ശ്രദ്ധിച്ചാൽ പോരാ എന്നാണ് ഞാൻ പറയുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യത്തിനാണ് നമ്മൾ പ്രാധാന്യം നൽകേണ്ടത് എന്നാണ് ഞാൻ പറയുന്നത്. പറഞ്ഞ കാര്യം മനസ്സിലാക്കാതെ അതിനിടയ്ക്ക് ചാടിയിട്ട് 'അത് ശരിയല്ല' എന്നുപറയുന്നത് ശരിയല്ല. അതാണ് ശരിയല്ലാത്തത്. എന്താണ് പറയുന്നതെന്ന് മനസ്സിലാക്കാതെ 'അത് ശരിയല്ല' എന്നുപറയുന്നത് ശരിയല്ല.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഞാൻ ഇന്നുവരെ സഭയിൽ ഇങ്ങനെയുള്ള ചോദ്യങ്ങളൊന്നും ചോദിച്ചിട്ടില്ല. എല്ലാം കുട്ടനാടിനെക്കുറിച്ചാണ് ചോദിക്കുന്നത്. അതിൽനിന്നും വ്യത്യസ്തമായി ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ നല്ലൊരു സംവിധാനമായി തോന്നുന്നുണ്ട്. നല്ല സമയങ്ങളിൽ ഇതൊരു ചർച്ചയ്ക്കായി എടുക്കാനായി ബഹുമാനപ്പെട്ട സ്പീക്കർ തയ്യാറാകണം. നല്ലരീതിയിലൊരു ചർച്ചയ്ക്കായി ഈ ബിൽ എടുക്കുകയാണെങ്കിൽ ഏറ്റവും നല്ല കാര്യമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(2022-ലെ കേരള പുസ്തക പ്രസാധക – വിതരണവും സംരക്ഷണ നിയന്ത്രണവും ബിൽ, ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച എന്നിവ പരിഗണിച്ചില്ല.)

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും 2024 ജൂലൈ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

* * * * * *